# INTERBELL STUDENT SUPPORT MATERIAL

*A JOINT VENTURE OF DIET PALAKKAD & SSK*

**BIOLOGY STD 10**

***FIRST BELL-2 ONLINE CLASS NO :22***

**06-09-2021**




1. താഴെ തന്നിരിക്കുന്നവയിൽ ബാക്ടീരിയയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ മാത്രം എടുത്ത് എഴുതുക.

   a) ദ്വിവിഭജനത്തിലൂടെ വംശവർദ്ധനവ് നടത്തുന്നു.

   b) പ്രോട്ടീൻ ആവരണവും അതിനുള്ളിൽ DNA/RNA തന്മാത്രയും അടങ്ങുന്ന ലഘു ഘടന.

   c) ഇവ ഉൽപാദിപ്പിക്കുന്ന വിഷവസ്തുക്കൾ കോശങ്ങളുടെ നാശത്തിനു കാരണമാകുന്നു.

   d) ആതിഥേയ കോശങ്ങളുടെ ജനിതക സംവിധാനത്തെ ഉപയോഗപ്പെടുത്തി പെരുകുന്നു.

2. എലിപ്പനി പകരാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്? (ഏതെങ്കിലും മൂന്നെണ്ണം)

3. നമ്മുടെ ശരീരത്തിലേക്ക് രോഗാണുക്കൾ പകരുന്ന രീതികൾ ഏതെല്ലാമാണ്? (ഏതെങ്കിലും മൂന്നെണ്ണം)

4. 'എല്ലാ സൂക്ഷ്മജീവികളും മനുഷ്യർക്ക് ഹാനികരമാണ്'.

ഒരു ക്ലാസ് മുറിയിലെ ചർച്ചയിൽ ഉയർന്ന് വന്ന ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്?

5. ചുവടെ നൽകിയിരിക്കുന്ന രോഗത്തിന്റെ രോഗകാരി, ലക്ഷണം എന്നിവ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക

| രോഗം | രോഗകാരി | ലക്ഷണം |
| --- | --- | --- |
| എലിപ്പനി | ........................................................ | ..................................................... |

6. ചുവടെ നൽകിയ രോഗത്തിന്റെ വ്യാപനരീതി തിരിച്ചറിഞ്ഞ് ഉചിതമായ പ്രതിരോധപ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക.

എലിപ്പനി

7. എലിപ്പനി ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സ്കൂൾ ഹെൽത്ത് ക്ലബ് തയ്യാറാക്കിയ പോസ്റ്ററിൽ ഉൾപ്പെടുത്താവുന്ന നാല് ആശയങ്ങൾ എഴുതുക.

8. തന്നിരിക്കുന്ന ചിത്രത്തിൽ നിന്ന് രോഗകാരിയെ തിരിച്ചറിയുകയും അതുമൂലമുണ്ടാകുന്ന രോഗത്തിന് പേര് നൽകുകയും ചെയ്യുക.



ഫസ്റ്റ്ബെൽ ഓൺലൈൻ ക്ലാസ് കാണാൻ

ഇവിടെ ക്ലിക്ക് ചെയ്യുക

